# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1334 — 03.12.2015 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകൾ വഴി എന്തെല്ലാം സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് ; | (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, കുറുവ അരി, മട്ട അരി, ജയ അരി, വെളിച്ചെണ്ണ എന്നി 13 ഇനം അവശ്യ സാധനങ്ങളും. കൂടാതെ FMCG ഉൽപ്പന്നങ്ങളും, PDS ആട്ട, തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം തുടങ്ങിയ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളും മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നു. |
| (ബി) ഇതിൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡിയാണ് ഇപ്പോൾ നിർത്തലാക്കിയിട്ടുള്ളത് ; | (ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ ഇപ്പോൾ വിൽപ്പന നടത്തുന്നുണ്ട്. |
| (സി) നിർത്തലാക്കിയ സബ്സിഡികൾ പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ